(ബി) ഇതിൽ എത്ര ഏക്കർ റവന്യൂ ഭൂമി, എത്ര ഏക്കർ സ്വകാര്യ ഭൂമി ഏറ്റെടുക്കണമായിരുന്നു; ഇതിനായി ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇതിന്റെ പ്രവർത്തനത്തിനായി ഒരു ഓഫീസ് ആരംഭിച്ചിരുന്നാവോ; അത് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ബേക്കൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് എയർസ്ട്രിപ്പ് നിർമ്മിക്കുന്നതിന് കഴിഞ്ഞ സർക്കാർ പ്രാഥമികാനുമതി നൽകിയിട്ടുണ്ട്. പുല്ലൂർ പെരിയ പഞ്ചായത്തിലെ കനിയംകുണ്ട് എന്ന സ്ഥലത്ത് ഒരു എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകരിച്ച് ജി.ഒ.(എം.എസ്.) നമ്പർ 50/2011/ടൂറിസം തീയതി, 14-2-2011 പ്രകാരമാണ് സർക്കാർ ഉത്തരവായത്.

(ബി) ഇതിൽ 28.76 ഏക്കർ റവന്യൂ ഭൂമിയും 51.68 ഏക്കർ സ്വകാര്യ ഭൂമിയുമാണ് ഏറ്റെടുക്കേണ്ടിയിരുന്നത്. കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ)-നെ സാധ്യതാ പഠനത്തിനായി [ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR)] നവംബർ 2012-ന് നിയോഗിക്കുകയും 2013 ഡിസംബറിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. സ്വകാര്യ സ്ഥലമെടുപ്പിന് മാത്രമായി 25 കോടി രൂപ ആവശ്യമായി വരുന്നുണ്ട്.

(സി) പെരിയയിൽ ഒരു പ്രോജക്ട് ഓഫീസ് ആരംഭിച്ചിട്ടുണ്ടായിരുന്നു. 2014 മേയ് 31-ന് പ്രോജക്ട് ഓഫീസ് നിർത്തലാക്കി. ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

കരകൗശല മേള

322(1023) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : രാജ്യത്തെ കാണാനും ഷോപ്പിങ്ങിൽക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.കെ.എസ്.എഫ്. ഒൻപതാം സീസണിൽ ഏതൊക്കെ സ്ഥലങ്ങളിൽ കരകൗശലമേള സംഘടിപ്പിക്കുകയുണ്ടായി ; ഓരോ മേളയിലും എത്ര വീതം സ്റ്റാളുകൾ ഉണ്ടായിരുന്നു; ഇതിലൂടെ ഉൽപാദിപ്പിക്കപ്പെട്ട കരകൗശല വസ്തുക്കളുടെ എത്ര മാത്രം വിൽപ്പന നടന്നു; ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള സ്റ്റാളുകൾ എത്ര വീതം ഉണ്ടായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം സ്ഥാപനങ്ങളുമായുള്ള പങ്കാളിത്തത്തോടു കൂടിയാണ് പ്രസ്തുത മേളകൾ സംഘടിപ്പിച്ചിരുന്നത്;

(സി) ഇതിനായി ജി.കെ.എസ്.എഫ്. ചെലവഴിച്ച തുക എത്ര വീതമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത മേളകളിലേയ്ക്ക് വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി ജി.കെ.എസ്.എഫ്. എന്തൊക്കെ നടപടികൾ സ്വീകരിച്ചു?

ഉത്തരം

(എ) ജി.കെ.എസ്.എഫ്. ഒൻപതാം സീസണിൽ ഇരിങ്ങൽ ആർട്സ് ആൻഡ് ക്രാഫ്റ്റ് വില്ലേജിലും, ചവറ കെ.എം.എം.എൽ. ഗ്രൗണ്ടിലും കരകൗശലമേള സംഘടിപ്പിക്കുകയുണ്ടായി. ഇരിങ്ങലിൽ 256 സ്റ്റാളുകൾ തീരുമാനിച്ചിരുന്നു. എത്ര സ്റ്റാളുകൾ പ്രവർത്തിച്ചു എന്ന റിപ്പോർട്ട് ഈ മേളയുടെ സംഘാടനം നടത്തിയ സർഗാലയയിൽനിന്നും ഇതുവരെ ലഭിച്ചിട്ടില്ല. ഓരോ സംസ്ഥാനത്തുനിന്നും എത്ര സ്റ്റാളുകൾ എന്നുള്ളതും ലഭിച്ചിട്ടില്ല. ചവറയിൽ ആകെ 100 സ്റ്റാളുകളിൽ 25 എണ്ണം കരകൗശല സ്റ്റാളുകളാണ്. ഇതിൽ 18 സ്റ്റാളുകൾ അന്യസംസ്ഥാനത്തു നിന്നുള്ളതും 7 സ്റ്റാളുകൾ സംസ്ഥാനത്ത് നിന്നുള്ളതുമാണ്. ഇതിലൂടെ ഉൽപ്പാദിപ്പിക്കപ്പെട്ട കരകൗശല വസ്തുക്കളുടെ വിൽപ്പനയിലൂടെ 13 ലക്ഷം രൂപ ലഭിച്ചു.

(ബി) ഇരിങ്ങലിൽ-സർഗാലയ, വിനോദസഞ്ചാര വകുപ്പ്, സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുമായുള്ള പങ്കാളിത്തത്തോടു കൂടിയാണ് പ്രസ്തുത മേള സംഘടിപ്പിച്ചത്. ചവറയിൽ ജി.കെ.എസ്.എഫ്.-ഉം. സംസ്ഥാന തൊഴിലും നൈപുണ്യവും വകുപ്പും സംയുക്തമായി ചേർന്നാണ് മേള സംഘടിപ്പിച്ചത്.

(സി) സീസൺ 9-ൽ ജി.കെ.എസ്.എഫ്. ചവറയിൽ നേരിട്ടും ഇരിങ്ങലിൽ സർഗാലയയുമായി ചേർന്നും കരകൗശലമേളകൾ നടത്തിയിട്ടുണ്ട്. ഇതിൽ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള കെ.എ.എസ്.ഇ. എന്ന സ്ഥാപനം 16 ലക്ഷം രൂപ ചവറ കരകൗശലമേളയ്ക്കായി അനുവദിച്ചിട്ടുണ്ട്. സർഗാലയ കരകൗശലമേളയ്ക്കായി ജി.കെ.എസ്.എഫ്. മുൻകൈയെടുത്ത് കേരള കരകൗശല കോർപ്പറേഷനിൽ നിന്നും 18 ലക്ഷം രൂപയും കേന്ദ്ര ടൂറിസം വകുപ്പിൽനിന്നും 12 ലക്ഷം രൂപയും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ജി.കെ.എസ്.എഫ്. നേരിട്ട് സർഗാലയ കരകൗശലമേളയ്ക്കായി പരസ്യ ഇനത്തിലും മറ്റ് ഒരുക്കങ്ങൾക്കുമായി പ്രാഥമിക കണക്കനുസരിച്ച് 30 ലക്ഷത്തോളം രൂപ ചെലവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇരിങ്ങൽ മേളയ്ക്ക് വിദേശ രാജ്യങ്ങളുടെ പ്രാതിനിധ്യം ഉറപ്പിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പുമന്ത്രി, മുൻ യു.എൻ. അണ്ടർ സെക്രട്ടറി ശശി തരൂർ എം.പി. എന്നിവരുടെ നേതൃത്വത്തിൽ രണ്ട് തവണ സർഗാത്മക പ്രതിനിധികൾ ഉൾപ്പെടെ പരിപാടികൾക്ക് രൂപം കൊടുത്തു. ഒപ്പം യു.എൻ.-ന്റെ ഇന്ത്യൻ പ്രതിനിധിയുടെ കൈയൊപ്പോടുകൂടിയുള്ള ക്ഷണക്കത്ത് വിദേശ എംബസികളിലെ അമ്പാസിഡർമാർക്ക് അയച്ചുകൊടുത്തു. വിനോദ സഞ്ചാര വകുപ്പുമന്ത്രി വകുപ്പ് സെക്രട്ടറി, ജി.കെ.എസ്.എഫ്. ഡയറക്ടർ, സംസ്ഥാന കോർഡിനേറ്റർ എന്നിവർ കേന്ദ്ര വിനോദസഞ്ചാര വകുപ്പിനെയും വിദേശകാര്യ വകുപ്പിനെയും സംയോജിപ്പിച്ചുകൊണ്ട് സാർക്ക് രാജ്യങ്ങളെ മേളയിലേയ്ക്ക് ഔദ്യോഗികമായി ക്ഷണിക്കുകയും ചെയ്തു.

വേമ്പനാട് കായൽ ടൂറിസം

323(1024) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും വകുപ്പുമന്ത്രി ദയം മറുപടി നൽകുമോ:

(എ) വേമ്പനാട് കായൽ ടൂറിസവുമായി ബന്ധപ്പെട്ടുണ്ടാകുന്ന അതീവ ഗുരുതരമായ പരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് നിയമസഭാ സമിതി നടത്തിയ പഠന റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കാതിരിക്കുന്നത് എന്തുകൊണ്ട്;

(ബി) വേമ്പനാട് കായലിന്റെ നൈസർഗ്ഗിക ശുദ്ധിയും പ്രകൃതി സൗന്ദര്യവും ജൈവ വൈവിധ്യവും സംരക്ഷിക്കുന്നതിനും, കാലാനുസൃതമായി പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിനും ഉതകുന്ന പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ?

ഉത്തരം

(എ) പരിശോധിച്ച് മറുപടി നൽകുന്നതാണ്.

(ബി) കായൽ ടൂറിസത്തിന്റെ പ്രധാന കേന്ദ്രങ്ങളായ ആലപ്പുഴ, കുമരകം, എന്നിവിടങ്ങളിൽ ഹൗസ് ബോട്ടുകളിൽനിന്നുള്ള മലിനീകരണത്തിൽനിന്നും വേമ്പനാട്ടുകായലിനെ മുക്തമാക്കുന്നതിനായി ഹൗസ് ബോട്ടുകളിൽനിന്നുള്ള മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിനായി കുമരകത്ത് കവണാറ്റിൻകരയിലും ആലപ്പുഴയിലെ എച്ച് ബ്ലോക്ക് കായലിലും മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ച് പ്രവർത്തിക്കുന്നു. ഹൗസ് ബോട്ടുകൾ സൃഷ്ടിക്കുന്ന മലിനീകരണം ഒരു പരിധിവരെ തടയാൻ ഇതുമൂലം കഴിഞ്ഞിട്ടുണ്ട്. കായൽ ടൂറിസം മേഖലയിൽ അടിസ്ഥാനസൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനും നിലവിലുള്ള സൗകര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly